Draft #114 of File 31310/AC C2-2/2021/VC SECTION Approved by Registrar on 07-Nov-2023 11:54 AM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 31310/AC C2-2/2021/VC SECTION | തീയതി: 07.11.2023

എ സി സി 2

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- ഭരണകാര്യം - അക്കാദമിക്ക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ ചുരുക്കങ്ങൾ - സെക്ഷനുകൾ സ്വീകരിക്കേണ്ട തുടർ നടപടികളിൽ വ്യക്തത വരുത്തുന്നത് - സംബന്ധിച്ച്

സൂചന :- ____________

അക്കാദമിക്ക് കൗൺസിൽ യോഗത്തിൽ ഫയലുകൾ സമർപ്പിക്കുന്ന സെക്ഷനുകൾ സ്വീകരിക്കേണ്ട നടപടികളിൽ വ്യക്തത വരുത്തി താഴെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി ഫയലുകൾ സമർപ്പിക്കുന്നതിന് തയ്യാറാക്കുന്ന കുറിപ്പിൽ വിഷയം റെഗുലേഷനുമായി ബന്ധപ്പെട്ടതാണോ എന്ന വിവരം നിർബ്ബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
2. അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടികുറിപ്പ് തയ്യാറാക്കി യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പരിശോധനയ്ക്കായി നൽകി 10 ദിവസം പൂർത്തിയാകുന്ന മുറയ്ക്ക് നടപടികുറിപ്പിന്റെ ചുരുക്കം ബന്ധപ്പെട്ട സെക്ഷനുകൾക്ക് നൽകുന്നതാണ്. ചുരുക്കം ലഭിച്ച ഉടൻ തന്നെ ബന്ധപ്പെട്ട സെക്ഷനുകൾ ഉത്തരവുകൾ ഇറക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആക്ഷൻ ടേക്കൺ റിപ്പോർട്ട് എസി. സി 2 സെക്ഷന് കൈമാറേണ്ടതുമാണ്.
3. അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടികുറിപ്പുകൾ നിലവിലെ രീതി പ്രകാരം എസി. സി 2 സെക്ഷൻ തൊട്ടടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ സമർപ്പിക്കേണ്ടതും, സിൻഡിക്കേറ്റ് മിനിട്സ് തയ്യാറാകുന്ന മുറയ്ക്ക് സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ച് പകർപ്പ് ബന്ധപ്പെട്ട സെക്ഷനുകൾക്ക് കൈമാറേണ്ടതും, ആയത് ബന്ധപ്പെട്ട സെക്ഷനുകൾ ഫയലുകളിൽ ചേർക്കേണ്ടതുമാണ്.

**ഡോ.പ്രകാശ് കുമാർ .ബി**

രജിസ്ട്രാർ

സ്വീകർത്താവ്

1. വൈസ് ചാൻസലറുടെ പി.എസ്.
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. എല്ലാ ജോയിന്റ് രജിസ്ട്രാർമാർ, ഡെപ്യൂട്ടി രജിസ്ട്രാർമാർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ
4. എല്ലാ സെക്ഷനുകൾ, ഡിപ്പാർട്ടുമെന്റുകൾ
5. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം